<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 264</u> <u>01-02-2023 - ൽ മറുപടിയ്ക്ക്</u>

<u>പാലിയേറ്റീവ് നയം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആതുര ശുശ്രൂഷ രംഗത്ത് പാലിയേറ്റീവ് നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | സംസ്ഥാനത്ത് ആതുര ശുശ്രൂഷ രംഗത്തെ പുതുക്കിയ പാലിയേറ്റീവ് പരിചരണ നയം 2019 -ൽ നിലവിൽ വന്നു. 'അരികെ' എന്ന സമഗ്ര സാന്ത്വന ചികിത്സാ പരിപാടിയാണ് പുതുക്കിയ നയം കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. നിലവിൽ പ്രവർത്തിച്ചുവരുന്ന പാലിയേറ്റീവ് കെയർ പദ്ധതിയെ ശാക്തീകരിക്കുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സന്നദ്ധ സംഘടനകളുടേയും ഇതര വകുപ്പുകളുടേയും സഹകരണം ഉറപ്പിക്കുകയുമാണ് പാലിയേറ്റീവ് നയത്തിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യം. ഇതിലൂടെ നിലവിലുള്ള സാന്ത്വന ചികിത്സാ പദ്ധതിയുടെ ന്യൂനതകൾ പരിഹരിക്കുകയും, കൂടുതൽ പ്രവർത്തകർക്ക് സാന്ത്വന ചികിത്സാ രംഗത്ത് പ്രവർത്തിക്കുന്നതിനുള്ള സൗകര്യം ഉറപ്പാക്കുകയും ചെയ്യാൻ കഴിയും. ഇതിനായി സർക്കാർ തലത്തിൽ പരിശീലന - പരിപാടികൾ സംഘടിപ്പിക്കുന്നതിനും പ്രത്യേകം കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>പാലിയേറ്റീവ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി 16.11.2022 തീയതിയിലെ സ.ഉ(സാധാ) നം. 2744/2022/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു ഹൈ പവർ കമ്മിറ്റിയും, പാലിയേറ്റീവ് കെയർ വർക്കിംഗ് ഗ്രൂപ്പും രൂപീകരിക്കുകയും, പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിന്റെ ആദ്യ യോഗം കൂടുകയും, പാലിയേറ്റീവ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. |
| (ബി) | ഈ രംഗത്ത് എത്രപേർ ജോലി ചെയ്യുന്നു; ഇവരുടെ സേവന വേതന വ്യവസ്ഥകൾ അറിയിക്കാമോ; | (ബി) | സാന്ത്വന ചികിത്സാ രംഗത്ത് മൂന്ന് തലങ്ങളിലാണ് ആരോഗ്യപ്രവർത്തകർ ജോലി ചെയ്തുവരുന്നത്. പ്രാഥമിക തലത്തിൽ പഞ്ചായത്തുകളുടെ സഹായത്തോടു കൂടി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ |

| | | | |
|---|---|---|---|
| | | | ഫണ്ടുകൾ ഉപയോഗിച്ചുകൊണ്ട് എല്ലാ പഞ്ചായത്തുകളിലും ഒരു പാലിയേറ്റിവ് കെയർ നേഴ്സിന്റെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. സെക്കന്ററിതലത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ദേശീയ ആരോഗ്യ ദൗത്യത്തിൽ നിന്നുമാണ് നൽകിവരുന്നത്. ഇവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>മെഡിക്കൽ ഓഫീസർ - 11<br>സ്റ്റാഫ് നേഴ്സ് - 327<br>ഫിസിയോതെറാപ്പിസ്റ്റ് - 247 |
| (സി) | പാലിയേറ്റീവ് പരിചരണത്തിലെ സമഗ്ര സംഭാവന പരിഗണിച്ച് കേന്ദ്ര സർക്കാർ നൽകുന്നതുപോലെ ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് അംഗീകാരം നൽകുവാൻ സംസ്ഥാന സർക്കാരും നടപടി സ്വീകരിക്കുമോ; | (സി) | പാലിയേറ്റീവ് പരിചരണ രംഗത്ത് മികച്ച സംഭാവന നൽകുന്നവർക്ക് പ്രത്യേക അംഗീകാരം നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്. |
| (ഡി) | സംസ്ഥാനത്ത് പാലിയേറ്റീവ് പരിചരണം എത്രത്തോളം രോഗികൾക്ക് ഉപയോഗപ്രദമാണെന്ന് വിശദീകരിക്കാമോ; ഈ രംഗത്ത് പ്രവർത്തിക്കുന്നവരുടെ വേതനം ഉയർത്തുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | സംസ്ഥാനത്ത് സർക്കാർ മേഖലയിലുള്ള സാന്ത്വന പരിചരണ പദ്ധതിയുടെ ഗുണഭോക്താക്കളായി രണ്ടേകാൽ ലക്ഷത്തോളം ജനങ്ങൾ ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇതിൽ 49000 ആൾക്കാർ കിടപ്പുരോഗികളും ഭവന സന്ദർശനത്തിലൂടെ സേവനം ലഭ്യമാക്കുന്നവരുമാണ്. പതിനായിരത്തോളം രോഗികൾ പ്രതിമാസം സെക്കന്ററി തല ആശുപത്രികളിൽ നിന്ന് സേവനം ലഭിക്കുന്നവരാണ്. സെക്കന്ററി തല പാലിയേറ്റീവ് കെയർ പ്രവർത്തകർക്ക് ദേശീയ ആരോഗ്യ ദൗത്യം നിജപ്പെടുത്തിയിട്ടുള്ള വേതനമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇവരുടെ വേതനം ഉയർത്തുന്നത് കേന്ദ്ര അനുമതിയോടു കൂടി മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. പ്രാഥമികതലത്തിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ നേഴ്സുമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ